മൂന്നാമതായി അത്യാവശ്യംവേണ്ട മേഖലകളിൽ ബസ്സുകളുടെ കുറവുണ്ടെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിലും കൂടുതൽ ബസ്സുകൾ ഓടിക്കാൻ ശ്രമിക്കുകയെന്നുള്ളതാണ്. പണ്ട് ഉള്ളതിനേക്കാളും മലബാർ മേഖലയിൽ കൂടുതൽ ബസ്സുകൾ അടുത്ത കാലത്തായി ഓടിച്ചുതുടങ്ങിയിട്ടുണ്ട്.

III. സബ്മിഷൻ

(1) നന്ദിയോട് ഗ്രാമപഞ്ചായത്ത് പ്രദേശത്തുണ്ടായ അക്രമം

<u>ശ്രീ. പാലോട് രവി</u> : സർ, ഞാൻ ഒരു അടിയന്തിരപ്രമേയം അവതരിപ്പിക്കാൻ വേണ്ടി എഴുതിത്തന്നതിനു കാരണം 7-ാം തീയതി വൈകുന്നേരം 7 മണി മുതൽ ഇന്നലെ വരെ ഈ ജില്ലയിലെ ഒരു പഞ്ചായത്തിൽ ഒരുകൂട്ടം സി.ഐ.ടി.യു.കാർ ആ പ്രദേശത്തെയാകെ വിറപ്പിക്കുകയും ഉത്തരവാദപ്പെട്ട ജനപ്രതിനിധികളുടെ വീട് ആക്രമിക്കുകയും പലരേയും ആശുപത്രിയിലാക്കുകയും ചെയ്ത വളരെ ഗുരുതരമായ ഒരു സംഭവം ചർച്ച ചെയ്യാൻ വേണ്ടിയാണ്. തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് പഞ്ചായത്തിൽ 7-ാം തീയതി രാത്രി 7 മണി മുതൽ 8-ാം തീയതി രാവിലെ 8 മണിവരെ ഒരു സംഘം അക്രമികൾ 5 ജീപ്പിൽ സഞ്ചരിച്ച് ഒരു പഞ്ചായത്താകെ വിറപ്പിച്ച സംഭവമാണ് ഉണ്ടായിരിക്കുന്നത്. ഇന്നത്തെ മലയാള മനോരമ പത്രത്തിലെ എഡിഷനാണിത്. മലയാള മനോരമ ഏതാണ്ട് 5 കോളത്തിൽ വളരെ വിപുലമായി ആ വാർത്ത കൊടുത്തിട്ടുണ്ട്. വീട് ആക്രമിക്കുക മാത്രമല്ല, ഏതാണ്ട് പോലീസ് സ്റ്റേഷന്റെ മുന്നിൽ ഞങ്ങൾ ആ പ്രദേശത്ത് സ്ഥാപിച്ചിരുന്ന ഇന്ദിരാഗാന്ധിയുടെ മനോഹരമായ ദേശീയ സ്മാരകം ജീപ്പിൽ വന്ന ആളുകൾ അടിച്ച് തകർത്തു. അതുകഴിഞ്ഞ് മറ്റൊരു സ്ഥലത്ത് സ്ഥാപിച്ചിരുന്ന രാജീവ് ഗാന്ധിയുടെ സ്മാരകവും അടിച്ചു തകർത്തു. ഞങ്ങളുടെ പഞ്ചായത്തിലെ വൈസ് പ്രസിഡന്റ് ശ്രീ. രവി ഉറങ്ങിക്കിടക്കുകയായിരുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ പോയി വിളിച്ചുണർത്തി രവിയുടെ വീട് അടിച്ച് തകർത്തു. രവിയേയും അടിച്ചു. സർ, നന്ദിയോട് എസ്.കെ.വി ഹൈസ്കൂളിലെ അദ്ധ്യാപകനും ഞങ്ങളുടെ ഗ്രാമപഞ്ചായത്ത് മെമ്പറുമായ ശ്രീ. ടി.കെ. വേണുഗോപാലന്റെ വീട് ആക്രമിച്ച് നാശനഷ്ടങ്ങൾ വരുത്തി. ഐ.എൻ.ടി.യു.സി പ്രസിഡന്റ് ഏലിയാസിനേയും ആക്രമിച്ചു. അയാൾ ഇപ്പോൾ ആശുപത്രിയിലാണ്. ആദിവാസികളെയും വെറുതെ വിട്ടില്ല. തങ്കപ്പൻ കാണിയുടെ വീട് ആക്രമിച്ച് വലിയ നാശനഷ്ടം വരുത്തി. ഉണ്ണിയുടെ വീട് ആക്രമിച്ചു. മുരളിയുടെ വീട് ആക്രമിച്ച് നാശനഷ്ടം വരുത്തി. അക്രമികൾ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ രണ്ട് ദേശീയ സ്മാരകങ്ങൾ പൂർണ്ണമായും നശിപ്പിച്ചു. പോലീസ് നോക്കി നിൽക്കുമ്പോഴാണ് ഈ സ്മാരകം നശിപ്പിക്കുന്നത്. പോലീസിനെ അറിയിച്ചപ്പോൾ സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞത് ഞങ്ങളുടെ കൈയിൽ മതിയായ ഫോഴ്സ് ഇല്ല, അർദ്ധരാത്രി സമയമാണ്, ഇത് എങ്ങനെ ചെറുക്കാൻ കഴിയുമെന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. ഇത് സി.ഐ. പറഞ്ഞ മറുപടിയാണ്. നന്ദിയോട് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നാട്ടിയിരുന്ന ഞങ്ങളുടെ കൊടിമരങ്ങൾ മുഴുവൻ ഇന്നലെയും മിനിഞ്ഞാന്നുമായി വെട്ടി നശിപ്പിച്ചു. കോൺഗ്രസ്സ് (എസ്)-ന്റെ കൊടിമരവും ഞങ്ങളുടെ കൊടിമരവും ഏതാണ്ട് ഒരുപോലെയാണ്. കോൺഗ്രസ്സ് (എസ്)-ന്റെ കൊടിമരങ്ങളും വെട്ടിനശിപ്പിച്ചു. കോൺഗ്രസ്സ്(എസ്)-ന്റെ ഒരു പഞ്ചായത്ത് മെമ്പർ ഉള്ളതുകൊണ്ട് അവിടെ രണ്ടുമൂന്നു കൊടിമരങ്ങളുണ്ട്. ശ്രീ. ചക്രപാണിയുടെ കൊടിമരങ്ങളും വെട്ടി

LIBRARY ARCHIVES Kerala Legislative Assembly

നശിപ്പിച്ചു. രണ്ട് സ്ഥലങ്ങളിൽ, നന്ദിയോടും കുറുപ്പുഴയിലും നാടൻ ബോംബുകളെറിഞ്ഞ് ഭീകരാന്തരീക്ഷമുണ്ടാക്കി. എന്താണ് ഇതിന് കാരണം? ഐ.എൻ.ടി.യു.സി, സി.ഐ.ടി.യു, തൊഴിലാളികൾ കഴിഞ്ഞ 25 വർഷക്കാല മായി പച്ചമല എന്ന സ്ഥലത്ത് പരസ്പരധാരണയോടെ ലേബർ ഡിപ്പാർട്ടു മെന്റിന്റെ പെരുമാറ്റച്ചട്ടങ്ങൾ അംഗീകരിച്ചുകൊണ്ട് ഇവിടെ ജോലി ചെയ്യുക യാണ്. 28 ആളുകൾ ഐ.എൻ.ടി.യു.സി യിലുണ്ട്. 22 ആളുകൾ സി.ഐ.ടി. യു.വിലുണ്ട്. ഇവിടെ ചുമട്ടുതൊഴിലാളി നിയമം നടപ്പിലാക്കിയിട്ടില്ല. 28 ഐ. എൻ.ടി.യു.സി.ക്കാരും 22 സി.ഐ.ടി.യു.ക്കാരും അവിടെ ഒരു ദിവസം ചെയ്യുന്ന ജോലി തുല്യമായി പങ്കിട്ട് അംഗങ്ങളുടെ എണ്ണം നോക്കാതെ 50 ശതമാനം, 50 ശതമാനം വീതം വീതിച്ചുപോരുകയായിരുന്നു. ഈ കഴിഞ്ഞ മേയ് ദിനത്തിൽ ഐ.എൻ.ടി.യു.സി.യും സി.ഐ.ടി.യും അവിടെ വെവ്വേറെ മേയ് ദിനം ആഘോഷിച്ചു. ആ മേയ് ദിനം ആഘോഷിച്ച അന്നു വൈകു ന്നേരം ഞങ്ങളിൽപ്പെട്ട മൂന്നാളുകൾ മദ്യപിച്ച് ബഹളമുണ്ടാക്കി. അവിടത്തെ കൊടിത്തോരണങ്ങൾ നശിപ്പിച്ചു അടുത്ത ദിവസം തന്നെ ഞങ്ങൾ ഈ മദ്യ പിച്ച് ബഹളമുണ്ടാക്കിയ മൂന്നുപേരേയും ഐ.എൻ.ടി.യുസി.യിൽ നിന്ന് പുറ ത്താക്കി ബോർഡ് വയ്ക്കുകയും ലേബർ ആഫീസിൽ അറിയിക്കുകയും പോലീസ് സ്റ്റേഷനിൽ അറിയിക്കുകയും സി.ഐ.ടി.യു ഓഫീസിൽ എഴുതി ക്കൊടുക്കുകയും ചെയ്തു. പോലീസിന് പരാതി കൊടുത്തതിന്റെ അടിസ്ഥാന ത്തിൽ മേയ് 5-ാം തീയതി 221/പി.ടി.എൽ ആയി ഒരു പെറ്റിഷൻ രജിസ്റ്റർ ചെയ്തു. കേസ്സ് എടുക്കാൻ സമ്മതിച്ചില്ല. ഇത് ഇങ്ങനെ പോകുമ്പോൾ രണ്ടു ദിവസം മുൻപ് മേയ് ദിനത്തിൽ കൊടിത്തോരണങ്ങൾ നശിപ്പിച്ച ഈ മൂന്നു പേരെയും, ഞങ്ങൾ പുറത്താക്കിയ മൂന്നുപേരെയും, എല്ലാ പെരുമാറ്റച്ചട്ട ങ്ങളും ലംഘിച്ചുകൊണ്ട് സി.ഐ.ടി.യുവിൽ എടുത്തു. അപ്പോൾ സി.ഐ.ടി. യുക്കാർ പറഞ്ഞു, പുതിയതായി എടുത്ത മൂന്നുപേർക്ക് ഞങ്ങളുടെ 50 ശത മാനം ശമ്പളം വീതിച്ചുകൊടുക്കാൻ പറ്റുകയില്ലെന്ന്. അതിനിടയിൽ തർക്കമാ യി. ലോക്കൽ കമ്മിറ്റി സെക്രട്ടറി ഒരു പ്രഭു അവിടെ വന്നിട്ട് ഇവരെ ജോലിക്ക് നിറുത്തിയേ ഒക്കുകയുള്ളുവെന്ന് പറഞ്ഞു. അവിടെ കശപിശയുണ്ടായി. കശ പിശയുണ്ടായിക്കഴിഞ്ഞ് പ്രഭു പോകുമ്പോൾ പ്രഭുവിനെ ആരോ പിടിച്ചുതള്ളി, അദ്ദേഹത്തിന്റെ ഭുജത്തിൽ ആരോ അടിച്ചുവെന്നുള്ളതിന്റെ പേരിൽ രാത്രി എട്ടുമണി മുതൽ 5 ജീപ്പിൽ ആ പ്രദേശത്തുള്ള റൗഡികൾ കടന്നുവന്നാണ് ഈ സംഭവമെല്ലാം ഉണ്ടാക്കിയത്. ഇത്രയും ഗുരുതരമായ ഒരു സാഹചര്യം, കുട്ടികൾ സ്കൂളിൽ പോകാത്ത സാഹചര്യം, അമ്മമാർക്ക് മാർക്കറ്റിൽ വരാ നൊക്കാത്ത സാഹചര്യമുണ്ടായിട്ട് ഒരാളെപ്പോലും അറസ്റ്റ് ചെയ്തില്ല. ഇവരു ടെയൊക്കെ പേരിൽ കേസ് എടുത്തിട്ടുണ്ടോയെന്ന് അങ്ങ് അന്വേഷിക്കണം. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിലില്ലാത്ത തരത്തിൽ സംസ്ഥാന ഭരണ കൂടത്തിന്, സംസ്ഥാന പോലീസിന്, ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിനൊക്കെ അപമാനമുണ്ടാക്കിക്കൊണ്ട് ആ നാടുമുഴുവൻ ഗുരുതരമായ സാഹചര്യമുണ്ടാ ക്കിയ ഇവരെ അറസ്റ്റ് ചെയ്യണം. വാഹനങ്ങൾ പോലീസിന് അറിയാം. ഈ അക്രമികളെ പോലീസിന് അറിയാം. ഇവരെ അറസ്റ്റ് ചെയ്യണം. ഇത്രയും തെറ്റു കാണിച്ചവരിൽ നിന്ന് ഞങ്ങൾക്ക് നഷ്ടപരിഹാരം ഈടാക്കിത്തരണം. അങ്ങ് നഷ്ടപരിഹാരം കൊടുക്കാൻ പോയ ആളല്ലേ, ഇവിടെ മന്ത്രിമാർ പോകുന്നതല്ലേ? പോലീസ് സ്റ്റേഷനു മുമ്പിൽ നിന്നിരുന്ന ഞങ്ങളുടെ ദേശീയ സ്മാരകം, ഇന്ദിരാഗാന്ധിയുടെ സ്മാരകം, രാജീവ്ഗാന്ധിയുടെ സ്മാരകം, ഞങ്ങളുടെ പഞ്ചായത്ത് പ്രസിഡന്റിന്റെ വീട്, ഞങ്ങളുടെ പഞ്ചായത്ത് മെമ്പ റുടെ വീടെല്ലാം നശിപ്പിച്ചു. ഒരു കൂട്ടം സാമൂഹ്യവിരുദ്ധൻമാർ ഉണ്ടാക്കിയ ഈ

LIBRARY ARCHIVES Kerala Legislative Assembly

നാശനഷ്ടം ഗവൺമെന്റ് തരണമെന്നാണ് ഞങ്ങളുടെ അപേക്ഷ. അതല്ലെങ്കിൽ അവരിൽനിന്നെങ്കിലും വാങ്ങിത്തരാനുള്ള നടപടിയുണ്ടാകണം. ഈ ജീപ്പ് കസ്റ്റഡിയിൽ എടുക്കണം. അവരെ അറസ്റ്റ് ചെയ്യാൻ നടപടിയുണ്ടാകണം. ഇത് അവിടത്തെ പോലീസ് അന്വേഷിച്ചാൽ പോരാ, മറ്റാരെയെങ്കിലും കൊണ്ട് അന്വേഷിപ്പിക്കുകയും വേണം.

[10 AM] മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് പഞ്ചായത്തിലെ പച്ചമലയിൽ 7.7.99-ന് രാത്രി ഏഴു മണിയോടെ ഒരു ലോറിയിൽ കൊണ്ടുവന്ന മണൽ ഇറക്കുന്നതുസംബന്ധിച്ച് ഇരുവിഭാഗം തൊഴിലാളികൾ തമ്മിൽ തർക്കമുണ്ടായി. അംഗീകൃത തൊഴിലാളിയല്ലാത്ത ഒരാളെക്കൂടിചേർത്ത് ലോഡ് ഇറക്കാൻ ശ്രമിച്ചപ്പോൾ ഐ.എൻ.ടി.യു.സി വിഭാഗം തൊഴിലാളികൾ എതിർത്തു. തുടർന്ന് പുറത്തു നിന്ന് വന്ന ആളിനെ ഒഴിവാക്കി ലോഡ് ഇറക്കാൻ ധാരണയായതോടെ പ്രശ്നം പരിഹരിക്കപ്പെട്ടു. ഈ സമയത്ത് സി.പി.ഐ(എം)-ന്റെ ലോക്കൽകമ്മിറ്റി സെക്രട്ടറി പ്രഭാത്കുമാർ തൊഴിലാളികളുടെ യോഗത്തിൽ പങ്കെടുക്കുന്നതിനുവേണ്ടി സ്ഥലത്ത് എത്തിയിരുന്നു. യോഗം മാറ്റിവച്ചതിനെത്തുടർന്ന് തിരിച്ചുപോവുകയായിരുന്ന പ്രഭാത്കുമാറിനെ ഐ.എൻ.ടി.യു.സി. പ്രവർത്തകരായ ചിലർ ചേർന്ന് തടഞ്ഞുനിർത്തി ദേഹോപദ്രവം ഏൽപ്പിച്ചു. ഇക്കാര്യത്തിന് പാലോട് പോലീസ് സ്റ്റേഷനിൽ ക്രൈം 127/99-ാം നമ്പരായി ഇൻഡ്യൻ ശിക്ഷാനിയമത്തിലെ വിവിധവകുപ്പുകൾ പ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

സർ, സി.പി.ഐ.(എം)-ന്റെ ലോക്കൽ കമ്മിറ്റി സെക്രട്ടറി പ്രഭാത് കുമാറിനെ ആക്രമിച്ചതിനെത്തുടർന്ന് അന്നുരാത്രി നന്ദിയോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പച്ചരവിയെ സി.ഐ.ടി.യു. പ്രവർത്തകരായ ഒരു സംഘം ആളുകൾ കല്ലെറിഞ്ഞു പരിക്കേൽപ്പിച്ചു. കല്ലേറിൽ രവിയുടെ വീടിന് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. നന്ദിയോട് പഞ്ചായത്ത് മെമ്പർ വേണുഗോപാലന്റെ വീടിനുനേരെ കല്ലെറിഞ്ഞ ഒരു സംഭവവുമുണ്ടായിട്ടുണ്ട്. ഈ രണ്ട് സംഭവങ്ങളിലുമായി യഥാക്രമം ക്രൈം 128/99, 130/99 എന്നീ നമ്പരായി പാലോട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഐ.എൻ.ടി.യു.സി സംഘടനയിൽ നിന്ന് രാജിവച്ച ചിലർ ചേർന്ന് ഐ.എൻ.ടി.യു.സിയുടെ കൺവീനർ എലിസനെ മർദ്ദിച്ചതായ പരാതിയിൻമേൽ പാലോട് പോലീസ് സ്റ്റേഷനിൽ ക്രൈം 179/99 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്ഥലത്ത് ഇപ്പോൾ സ്ഥിതിഗതികൾ ശാന്തമാണ്. ഇരുവിഭാഗങ്ങൾ തമ്മിലുണ്ടായ സംഘർഷങ്ങളെത്തുടർന്ന് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ അന്വേഷണം ഊർജ്ജിതമായി നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥിതിഗതികൾ നിയന്ത്രിക്കാനാവശ്യമായ പോലീസിനെയും അവിടെ നിയോഗിച്ചിട്ടുണ്ട്.

(2) ആകാശവാണി കോഴിക്കോട് നിലയത്തിലെ വാർത്താവിഭാഗം നിർത്തലാക്കാനുള്ള തീരുമാനം

ശ്രീ. എം.കെ. മുനീർ : സർ, ആകാശവാണിയുടെ കോഴിക്കോട് നിലയത്തിൽ കഴിഞ്ഞ 35 വർഷമായി പ്രവർത്തിച്ചുവരുന്ന വാർത്താവിഭാഗം നിർത്തലാക്കാൻ പ്രസാർഭാരതി കോർപ്പറേഷൻ തീരുമാനിച്ചതായി അറിയുന്നു. പക്ഷെ ഈ അടുത്തസമയത്ത് കേന്ദ്രമന്ത്രി കേരളത്തിൽ വന്ന് അങ്ങനെയൊരു നടപടി ഉണ്ടാവുകയില്ലെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും അത് പൂർണ്ണ

LIBRARY ARCHIVES Kerala Legislative Assembly